# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1276      03.12.2015-ൽ മറുപടി നൽകേണ്ടത്

**<u>ഭൂരഹിതരില്ലാത്ത കേരളം പദ്ധതി</u>**

**<u>ചോദ്യം</u>**

ശ്രീ.കെ.അച്ചുതൻ
,, ഹൈബി ഈഡൻ
,, കെ.ശിവദാസൻ നായർ
,, പി.സി വിഷ്ണുനാഥ്

**<u>മറുപടി</u>**

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ)യും (ബി)യും<br>ഭൂരഹിതരായ കുടുംബങ്ങൾക്ക് 3 സെന്റ് ഭൂമി വീതം നൽകി കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തിനായി രൂപം കൊടുത്തിട്ടുള്ള പദ്ധതിയാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി. വിവിധ ഘട്ടങ്ങളായിട്ടാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. സ്വന്തമായി ഭൂമി ഇല്ലാത്തതും വാർഷിക വരുമാനം 75,000/- രൂപയിൽ താഴെയുള്ളതുമായ ഭൂരഹിത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേയ്ക്കായി 3 സെന്റ് ഭൂമി വിതം പതിച്ചുകൊടുത്തുകൊണ്ട് ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുക എന്നതാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശലക്ഷ്യം. ഈ പദ്ധതി പ്രകാരം 43,437 പേർക്ക് പട്ടയം അനുവദിയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഒന്നാം ഘട്ടമായി 14 ജില്ലകളിലും പട്ടയമേളകൾ നടത്തിയിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലകളിലെ അർഹരായി കണ്ടെത്തിയ മുഴുവൻ കുടുംബങ്ങൾക്കും ഭൂമി വിതരണം ചെയ്തുകൊണ്ട് മേൽപ്പറഞ്ഞ 3 ജില്ലകളെ രാജ്യത്തെ തന്നെ ആദ്യത്തെ ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പ്രസ്തുതപദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | |
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് വിശദാംശങ്ങൾ വ്യക്തമാക്കുമോ;? | പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന/ജില്ല/താലൂക്ക് തലങ്ങളിൽ സ്പെഷ്യൽ സെല്ലുകൾ രൂപീകരിച്ചിട്ടുമുണ്ട്. ഇപ്രകാരം പദ്ധതി പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ